പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നംപർ 431 05.02.2014 - ൽ മറുപടിക്ക്

'ശ്രുതി തരംഗം' പദ്ധതി

ചോദ്യം

ശ്രീ. പ്രൊഫ. സി. രവീന്ദ്രനാഥ്

,, എ. പ്രദീപ് കുമാർ

,, ഡോ. കെ.ടി. ജലീൽ

,, ശ്രീമതി പി. അയിഷാ പോറ്റി

ഉത്തരം

ഡോ. എം.കെ. മുനീർ

(ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സാമൂഹ്യസുരക്ഷാ മിഷൻ മുഖേന നടപ്പാക്കുന്ന 'ശ്രുതി തരംഗം' പദ്ധതിയുടെ അവലോകനം നടത്തിയിട്ടുണ്ടോ; | (എ) | അവലോകനങ്ങൾ നടത്തിയിട്ടുണ്ട്. രണ്ട് തലത്തിലാണ് അവലോകന ങ്ങൾ നടത്തുന്നത്.<br>1. പദ്ധതിയുടെ നടത്തിപ്പ്<br>2. കുട്ടികളുടെ തെരഞ്ഞെടുപ്പും സർജറി ചെയ്ത കുട്ടികളുടെ പുരോഗതിയും |
| (ബി) | കോക്ലിയർ ഇംപ്ലാന്റ് വാങ്ങിയതിനെ സംബന്ധിച്ച് ഉയർന്നിട്ടുള്ള അഴിമതി ആരോപണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (സി) | പദ്ധതി പ്രകാരം കോക്ലിയാർ ഇംപ്ലാൻറ് വാങ്ങിയത് ഏതെല്ലാം കമ്പനികളിൽ നിന്നാണെന്നും സ്റ്റോർ പർച്ചേയ്സ് മാന്വൽ പ്രകാരമാണോ ഇവ വാങ്ങിയതെന്നും അറിയിക്കാമോ; അല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ ; | (സി) | അഡ്വാൻസ്ഡ് ബയോണിക്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, ബാംഗ്ലൂർ ; കോക്ലിയാർ മെഡിക്കൽ ഡിവൈസ് കമ്പനി പ്രൈവറ്റ് ലിമിറ്റഡ്, മുംബൈ എന്നീ കമ്പനികളിൽ നിന്നാണ് കോക്ലിയാർ ഇംപ്ലാന്റുകൾ വാങ്ങിയത്.<br>ശ്രുതിതരംഗം പദ്ധതി ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റേയും സാമൂഹ്യ നീതി വകുപ്പിന്റേയും സംയുക്ത സംരഭമായിട്ടാണ് നടപ്പിലാക്കി വരുന്നത്. കേരളത്തിൽ കോക്ലിയാർ ഇംപ്ലാന്റ് സർജറി ചെയ്യുന്ന ഡോക്ടർമാരിൽ നിന്നും നിലവിൽ ലഭ്യമായ 4 കോക്ലിയാർ ഇംപ്ലാന്റുകളുടെ സാങ്കേതികമായ സ്വീകാര്യത , ഓപ്പറേഷനു മുമ്പുള്ള സാങ്കേതിക സഹായ ലഭ്യതയും ഗുണനിലവാരവും, ഓപ്പറേഷനുശേഷമുള്ള മെയിന്റനൻസ്, സേവനത്തിന്റെ ലഭ്യതയും ഗുണനിലവാരവും എന്നിവ വിലയിരുത്തി കേരളത്തിലെ കുട്ടികൾക്ക് അനുയോജ്യമായ കോക്ലിയാർ ഇംപ്ലാന്റുകൾ ശുപാർശ ചെയ്യുവാനായി ജി.ഒ.(സാധാ) നം. 3713/2011/ആ.കു.വ. |

| | | | |
|---|---|---|---|
| | | | തീയതി 22.10.2011 പ്രകാരം ഒരു ടെക്നിക്കൽ കമ്മറ്റിയെ അനുയോജ്യമായ കോക്ലിയാർ ഇംപ്ലാന്റുകളെപ്പറ്റി പഠിച്ച് റിപ്പോർട്ട് ചെയ്യാൻ ചുമതലപ്പെടുത്തി. തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഇ.എൻ.ടി. വകുപ്പ് മേധാവി ഡോ. ഷൈല, കോഴിക്കോട് മെഡിക്കൽ കോളേജ് ഇ.എൻ.ടി. പ്രൊഫസർ ഡോ. പി. മുരളീധരൻ നമ്പൂതിരി, നിഷ് എക്സിക്യൂട്ടിവ് ഡയറക്ടർ ഡോ. സാമുവൽ മാത്യു എന്നിവരാണ് പ്രസ്തുത കമ്മിറ്റി മെമ്പർമാർ .<br>കമ്മിറ്റി കോക്ലിയാർ ഇംപ്ലാന്റുകളുടെ സാങ്കേതിക പരിശോധനയും ഈ രംഗത്തെ വിദഗ്ധരായ ഡോക്ടർമാരിൽ നിന്നുള്ള Feed back ഉം വിലയിരുത്തിയതിനുശേഷം കേരളത്തിലെ കുട്ടികൾക്ക് അനുയോജ്യമായ ഇംപ്ലാന്റ് അഡ്വാൻസ്ഡ് ബയോണിക്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡിന്റെയും കോക്ലിയാർ മെഡിക്കൽ ഡിവൈസ് കമ്പനി പ്രൈവറ്റ് ലിമിറ്റഡിന്റേതുമാണെന്നാണ് ശുപാർശ ചെയ്തത്. മേൽ കമ്പനികളിൽ നിന്നും റേറ്റ് വാങ്ങുകയും നെഗോഷ്യയേറ്റ് ചെയ്ത് വില ഉറപ്പിക്കുകയും ആ വിലയ്ക്ക് 1 : 1 എന്ന ratio -യിൽ രണ്ട് കമ്പനികളിൽ നിന്നും കോക്ലിയാർ ഇംപ്ലാന്റുകൾ വാങ്ങുകയുമാണ് ചെയ്തത്. താഴെപ്പറയുന്ന കാരണങ്ങൾ കൊണ്ടാണ് ഈ തരത്തിൽ വാങ്ങാൻ തീരുമാനിച്ചത്.<br><br>1. സാങ്കേതികമായ ഗുണനിലവാരമുള്ള കോക്ലിയാർ ഇംപ്ലാന്റുകൾ ശ്രുതിതരംഗം പദ്ധതിയുടെ വിജയത്തിന് അത്യന്താപേക്ഷിതമാണ്. ആയതിനാൽ FDA (Food & Drug Administration–USA) approval ഉള്ള ഇംപ്ലാന്റുകൾ മാത്രം പദ്ധതിയിൽ ഉപയോഗിക്കുവാൻ തീരുമാനിച്ചു<br><br>2. ഇംപ്ലാന്റ് സർജറി വളരെ വൈദഗ്ധ്യം വേണ്ട ഒരു പ്രക്രിയയാണ്. അതു കൊണ്ടു തന്നെ കേരളത്തിലെ ഇംപ്ലാന്റ് സർജന്മാർ ഉപയോഗിച്ച് പരിചയമുള്ള ഇംപ്ലാന്റുകൾ തെരഞ്ഞെടുക്കേണ്ടത് അനിവാര്യമായിരുന്നു. |

| | | | |
|---|---|---|---|
| | | | 3. ഇംപ്ലാന്റേഷൻ സർജറി കൊണ്ട് മാത്രം കേൾവിശക്തിയും സംസാര ശേഷിയും തിരിച്ച് കിട്ടില്ല. രണ്ട് വർഷം നീണ്ടു നിൽക്കുന്ന ആഡിയോ വെർബൽ ഹബിലിറ്റേഷനും ഇംപ്ലാന്റിന്റെ സമയാ സമയങ്ങളിലുള്ള മാപ്പിംഗും പ്രോഗ്രാമിംഗും കൺസ്യൂമബിൾസിന്റേയും അക്സസറീസിന്റേയും സമയാസമയങ്ങളിലുള്ള സർവ്വീസും ഇംപ്ലാന്റിന്റെ വിജയത്തിന് അത്യാവശ്യമാണ്. ഇതിനായി ഇംപ്ലാന്റ് കമ്പനികളുടെ സാങ്കേതിക വിദഗ്ധരുടെ സേവന ലഭ്യതയും കൺസ്യൂമബിൾസിന്റേയും അക്സസറീസിന്റേയും സമയാസമയങ്ങളിലുള്ള ലഭ്യതയും പരിഗണിക്കേണ്ടതുണ്ട്. ഇവ ലഭ്യമായില്ലെങ്കിൽ ഇംപ്ലാന്റ് ഫലശൂന്യമാണ്. മേൽ സംഗതികളെല്ലാം പരിഗണിച്ചാണ് ടെക്നിക്കൽ കമ്മിറ്റി അഡ്വാൻസ്ഡ് ബയോണിക്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡിനേയും, കോക്ലിയാർ മെഡിക്കൽ ഡിവൈസ് കമ്പനി പ്രൈവറ്റ് ലിമിറ്റഡിനേയും പദ്ധതിക്ക് വേണ്ടി ശുപാർശ ചെയ്തത്.<br>പ്രോഡക്റ്റിന്റെ സാങ്കേതിക മേന്മ, സർജന്മാരുടെ പരിചയം, ഓപ്പറേഷന് മുമ്പുള്ള സാങ്കേതിക സഹായ ലഭ്യതയും ഗുണനിലവാരവും After care maintanance-നുള്ള വിപുലമായ ശൃംഖലയും ഗുണനിലവാരവും എന്നിവ പരിഗണിച്ച് മാത്രമേ വാങ്ങുവാൻ സാധിക്കുകയുള്ളൂ. മേൽ പറഞ്ഞ കാരണങ്ങൾ കൊണ്ട് സ്റ്റോർ പർച്ചേസ് റൂൾ അനുസരിച്ച് ഇംപ്ലാന്റ് വാങ്ങുക അപ്രായോഗികമായിരുന്നു. 4 കോക്ലിയാർ ഇംപ്ലാന്റുകളാണ് നിലവിൽ ഇൻഡ്യയിൽ ലഭ്യമായിട്ടുള്ളത്. ഇതിൽ ഏറ്റവും സാങ്കേതിക മികവും ഇന്ത്യയിലും കേരളത്തിലും ഏറ്റവും കൂടുതൽ ഉപയോഗിക്കുന്നതും ഏറ്റവും നല്ല വില്പനാനന്തര സേവന ശൃംഖലയുള്ളതുമായ കോക്ലിയാർ മെഡിക്കൽ ഡിവൈസ് പ്രൈവറ്റ് ലിമിറ്റഡിന്റേയും അഡ്വാൻസ്ഡ് ബയോണിക്സ് ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡിന്റെയും ഇംപ്ലാന്റുകൾ വാങ്ങാൻ തീരുമാനമെടുത്തത്. |

സെക്ഷൻ ഓഫീസർ